30/12/21

14/12/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1319(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10928/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 14**

ശ്രീ. ഡി. മണികണ്ഠൻ,
S/o ശ്രീ. ദുരൈ രാജ്,
പി.വി. ഹൗസ്
അലവിൽ പി.ഒ., കണ്ണൂർ. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-3,
ടൗൺ പ്ലാനിംഗ് & എഞ്ചിനീയറിംഗ് വിഭാഗം
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ,
പള്ളിക്കുന്ന് സോണൽ ഓഫീസ്,
കണ്ണൂർ - 670 004.
2. അപ്പീൽ അധികാരി &
എക്സിക്യൂട്ടീവ് എഞ്ചിനീയർ
ടൗൺ പ്ലാനിംഗ് & എഞ്ചിനീയറിംഗ് വിഭാഗം,
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ, കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.7.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 2.8.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 01.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.9.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 14.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 5.11.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 14.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി (ഓഡിയോ) |

**ഉത്തരവ്**

ശ്രീ. ഡി. മണികണ്ഠൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, കണ്ണൂർ, പയ്യാമ്പലം കടപ്പുറത്ത് പള്ളിയാംമൂല എന്ന

സ്ഥലത്ത് ഡോ: വിനോദ് വർഗ്ഗീസ് നടത്തുന്ന നിർമ്മാണ പ്രവൃത്തിക്ക് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ നൽകിയ ബിൽഡിംഗ് പെർമിറ്റും അതിനോടനുബന്ധിച്ച് സമർപ്പിച്ച രേഖകളുടെ പകർപ്പുകളും ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട രേഖകൾ നൽകിയാൽ ആയത് കെട്ടിട ഉടമയുടെ സ്വകാര്യതയെ ബാധിക്കുമെന്നതിനാൽ നൽകാൻ സാധിക്കുകയില്ലെന്ന മറുപടിയാണ് എതിർകക്ഷികൾ നൽകിയത് എന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ട് ടി രേഖകൾ ലഭ്യമാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 6.7.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. കണ്ണൂർ പയ്യാമ്പലം കടപ്പുറത്ത് പള്ളിയാംമൂല എന്ന സ്ഥലത്ത് റോഡിന് കിഴക്ക് ഭാഗത്ത് ഡോ: വിനോദ് വർഗ്ഗീസ്, റോയൽ ഹെവൻ, ഗേൾസ് ഹൈസ്കൂളിന് സമീപം, പയ്യാമ്പലം എന്നവർ നൽകിയ കെട്ടിട നിർമ്മാണ പ്ലാനിന്റെ പാസാക്കിയ പകർപ്പ് നൽകണമെന്നും

ii. പെർമിറ്റ് കോപ്പി നൽകണമെന്നും

iii. അപേക്ഷയോടൊപ്പം നൽകിയ രേഖകളുടെ കോപ്പി നൽകണമെന്നു-മാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.7.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് നൽകിയ 2.8.2021–ലെ അപ്പീൽ അപേക്ഷ തീർപ്പാക്കി 01.9.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 6.7.2021–ലെ അപേക്ഷ പരിശോധിച്ചതിൽ നിന്നും ഡോ: വിനോദ് വർഗ്ഗീസ്, റോയൽ ഹെവൻ, നിയർ ഗേൾസ് ഹൈസ്കൂൾ പയ്യാമ്പലം എന്നവർക്ക് നൽകിയ കെട്ടിട നിർമ്മാണ പ്ലാനിന്റെ പാസാക്കിയ പകർപ്പും പെർമിറ്റ് കോപ്പിയും അപേക്ഷയോടൊപ്പം നൽകിയ രേഖകളുടെ പകർപ്പും അനുവദിക്കണമെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് എന്നും ആയതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 26.7.2021 തീയതി നൽകിയ മറുപടിയിൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകിയാൽ ആയത് മേൽപ്പടി വ്യക്തിയുടെ (പെർമിറ്റ് ലഭിച്ച വ്യക്തിയുടെ) സ്വകാര്യതയെ ബാധിക്കുന്നതാകയാൽ വിവരാവകാശ നിയമ പ്രകാരം അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിട്ടുള്ളതായി കാണുന്നു എന്നും ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് അപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും

E1/BA/23/20-21 ഫയൽ പ്രകാരം കോസ്റ്റൽ സോണൽ മാനേജ്മെന്റ് അതോറിറ്റി (KCZMA) ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി കണ്ണൂരിന്റെ 23/09/2020-ലെ TCPKNR/745/2020C CRZ ക്ലിയറൻസ് പ്രകാരമാണ് 248.46എം$^2$ വരുന്ന റസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് ഡോ: വിനോദ് വർഗ്ഗീസിന് 8.10.2020-ന് നഗരസഭ നിർമ്മാണ അനുമതി നൽകിയിരിക്കുന്നത് എന്ന് കാണുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകുന്നത് ഡോ: വിനോദ് വർഗ്ഗീസ് എന്നവരുടെ സ്വകാര്യതയെ ബാധിക്കുന്ന വിഷയമായതിനാൽ രേഖകൾ നൽകുവാൻ നിർവ്വാഹമില്ലെന്ന എസ്.പി.ഐ.ഒ യുടെ മറുപടി ശരിയാണെന്ന് കാണുന്നതിനാൽ അപ്പീൽ അപേക്ഷയിൽ തുടർ നടപടി ആവശ്യമില്ലെന്ന് കണ്ട് അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 6.7.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകുന്നത് കെട്ടിട ഉടമയായ ഡോ: വിനോദ് വർഗ്ഗീസിന്റെ സ്വകാര്യതയെ ബാധിക്കുമെന്നതിനാലാണ് പകർപ്പുകൾ നൽകാൻ നിർവ്വാഹമില്ല എന്ന് 26.7.2021-ാം തീയതി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹർജിക്കാരനെ അറിയിച്ചിരുന്നതെന്നും ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും E1/BA/23/20-21 ഫയൽ പ്രകാരം KCZMA ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി കണ്ണൂരിന്റെ 23/09/2020-ലെ TCPKNR/745/2020C CRZ ക്ലിയറൻസ് പ്രകാരമാണ് 248.46എം$^2$ വരുന്ന റസിഡൻഷ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് ഡോ: വിനോദ് വർഗ്ഗീസ് എന്നവർക്ക് 8.10.2020-ന് നഗരസഭ നിർമ്മാണ അനുമതി നൽകിയിരിക്കുന്നത് എന്നും വിവരാവകാശ അപേക്ഷ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നത് ഡോ: വിനോദ് വർഗ്ഗീസ് എന്നവരുടെ സ്വകാര്യതയെ ബാധിക്കുന്ന വിഷയമായതിനാൽ ടി രേഖകൾ നൽകുവാൻ നി:ർവ്വാഹമില്ലെന്ന് എസ്.പി.ഐ.ഒ നൽകിയ മറുപടി ശരിയാണെന്ന് കാണുന്നതിനാൽ അപ്പീൽ അപേക്ഷയിൽ തുടർ നടപടി ആവശ്യമില്ലെന്ന് കണ്ട് അപ്പീൽ തീർപ്പ് കൽപ്പിച്ച് 1.9.2021-ാം തീയതി ഉത്തരവായിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഡോ: വിനോദ് വർഗ്ഗീസ് എന്നയാളുടെ ഉടമസ്ഥതയിൽ കണ്ണൂർ പള്ളിയാംമൂല എന്ന സ്ഥലത്ത് നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ അംഗീകൃത പ്ലാൻ, പെർമിറ്റ്,

അപേക്ഷയോടൊപ്പമുള്ള മറ്റ് രേഖകൾ എന്നിവയാണ് ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് കാണുന്നു. ടി അപേക്ഷയിൽ ആവശ്യപ്പെട്ട യാതൊരു രേഖകളും/വിവരവും നൽകാതെ കെട്ടിട ഉടമസ്ഥന്റെ സ്വകാര്യതയെ ബാധിക്കുമെന്നതിനാൽ ഒരു രേഖയും നൽകാൻ നിർവ്വാഹമില്ല എന്ന മറുപടി എതിർകക്ഷികൾ നൽകിയത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. കെട്ടിടത്തിന്റെ പ്ലാൻ നൽകുന്നത് കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കുമെന്നതിനാൽ വേണമെങ്കിൽ നൽകാതിരിക്കാം. എന്നാൽ പെർമിറ്റ്, ഡോ: വിനോദ് വർഗ്ഗീസ് അപേക്ഷയോടൊപ്പം ഹാജരാക്കിയ മറ്റ് രേഖകൾ എന്നിവ പൊതു രേഖയാണെന്നതിനാൽ ടി രേഖകളുടെ പകർപ്പ് വിവരാവകാശ നിയമ പ്രകാരം നൽകേണ്ടത് തന്നെയാണ്. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട കെട്ടിടത്തിന്റെ പ്ലാൻ ഒഴികെ പെർമിറ്റ് പോലുള്ള മറ്റ് രേഖകൾ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 14-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk